**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1872** **08-02-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് സംസ്ഥാന സിവിൽ സർവീസ് കായിക മേളയിൽ പങ്കെടുത്തവർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് നടന്ന സംസ്ഥാന സിവിൽ സർവീസ് കായിക മേളയിൽ യൂണിഫോം വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർ ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പങ്കെടുത്തതെന്ന് വിശദമാക്കാമോ; | (എ) | യൂണിഫോം വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് സംസ്ഥാന സിവിൽ സർവീസ് കായിക മേളയിൽ പങ്കെടുക്കുന്നതിനായി സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | യൂണിഫോം വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് സംസ്ഥാന സിവിൽ സർവീസ് കായിക മേളയിൽ പങ്കെടുക്കുന്നതിനായി സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |
| (സി) | പ്രസ്തുത ഉദ്യോഗസ്ഥർ പങ്കെടുത്തതിനെതിരെ ആരൊക്കെയാണ് ബന്ധപ്പെട്ട അധികാരികൾക്ക് പരാതി നൽകിയിട്ടുള്ളതെന്നും അതിന്മേൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ; | (സി) | സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷനും ഒരു ഉദ്യോഗസ്ഥനും പരാതികൾ സമർപ്പിച്ചിട്ടുണ്ട്. ഇവ പരിശോധിച്ചുവരുന്നു. |
| (ഡി) | യൂണിഫോം വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് ദേശീയ സിവിൽ സർവീസ് കായികമേളയിൽ പങ്കെടുക്കാൻ സാധിക്കുമോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണവും വ്യക്തമാക്കാമോ? | (ഡി) | ദേശീയ സിവിൽ സർവ്വീസ് കായികമേളയുടെ യോഗ്യതാ മാനദണ്ഡപ്രകാരം യൂണിഫോം വിഭാഗത്തിലുള്ള ഉദ്യോഗസ്ഥർക്ക് പങ്കെടുക്കാനാവില്ല. |

സെക്ഷൻ ഓഫീസർ